**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2311** **13-09-2023 - ൽ മറുപടിയ്ക്ക്**

**ചെറുതന സി.എച്ച്.സി.യുടെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ (സി.എച്ച്.സി.) പുതിയ കെട്ടിടനിർമ്മാണത്തിനായി ബജറ്റിൽ ഇരുപത് ശതമാനം പ്രൊവിഷൻ അനുവദിച്ചിരുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കാത്തതിന്റ കാരണം അറിയിക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇപ്പോൾ ആരുടെ പരിഗണനയിലാണെന്നും എപ്പോൾ ഭരണാനുമതി ലഭിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി പൊതു മരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആലപ്പുഴ) ക്ക് റിക്വയർമെന്റ് ലിസ്റ്റ് അടക്കം ചെറുതന സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. |
| (സി) | ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട മരാമത്ത് വർക്കുകൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും പ്രവൃത്തി നിർവ്വഹണം കൃത്യമായി നിരീക്ഷിക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമോ? | (സി) | ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട മരാമത്ത് പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്ലാനിംഗ് വിഭാഗം പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ